**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 223** **08-08-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ മെഡിക്കൽ കോളേജുകളിലെ ഓപ്പറേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ മെഡിക്കൽ കോളേജുകളിൽ കാർഡിയോ തൊറാസിക് ഓപ്പറേഷൻ, വാസ്കുലർ സർജറി, ഹാർട്ട് ഓപ്പറേഷൻ, ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി എന്നിവ സമയത്തിന് നടക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അടിയന്തിര സ്വഭാവമുള്ള രോഗമുള്ളവരിൽ ഒട്ടും കാലതാമസം കൂടാതെ തത്സമയം തന്നെയോ, അടുത്ത ദിവസങ്ങളിലോ ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി ചികിത്സ നൽകുന്നു. അടിയന്തിര സ്വഭാവമില്ലാത്ത രോഗമുള്ള ആൾക്കാർക്ക് മുൻഗണനാ ക്രമത്തിൽ രേഖപ്പെടുത്തി തീയതി നിശ്ചയിച്ച് ടി ചികിത്സ ചെയ്തു വരുന്നു. |
| (ബി) | പ്രസ്തുത ഓപ്പറേഷനുകളുമായി ബന്ധപ്പെട്ട സ്റ്റെന്റും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കുമായി എത്ര തുകയാണ് സർജിക്കൽ സ്ഥാപനങ്ങൾക്ക് കൊടുക്കുവാനുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ ഓപ്പറേഷനുമായി ബന്ധപ്പെട്ട സ്റ്റെന്റും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കും **59,33,65,475/-** രൂപയാണ് സർജിക്കൽ സ്ഥാപനങ്ങൾക്ക് നൽകുവാനുള്ളത്. |

സെക്ഷൻ ഓഫീസർ